**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 509** **02-02-2023 - ൽ മറുപടിയ്ക്ക്**

**വനം വകുപ്പിൽ നടപ്പാക്കേണ്ട ഭരണാനുമതി ലഭിക്കാത്ത പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. വി. അൻവർ** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാന ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II, വാല്യം II (ഭരണാനുമതിയില്ലാത്ത മരാമത്ത് പണികൾ)-ൽ വരുന്ന 20 ശതമാനം തുക നീക്കിവെച്ച ഭരണാനുമതിയില്ലാത്ത പ്രവൃത്തികൾക്ക് ഭരണാനുമതി നൽകേണ്ടതിന്റെ നടപടിക്രമങ്ങൾ വിശദമാക്കാമോ; ഇതു സംബന്ധിച്ച സർക്കാർ ഉത്തരവുകളുണ്ടെങ്കിൽ പകർപ്പ് നൽകാമോ; | (എ) | **സംസ്ഥാന ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II, വാല്യം II (ഭരണാനുമതിയില്ലാത്ത മരാമത്ത് പണികൾ) - ൽ വരുന്ന 20 ശതമാനം തുക നീക്കിവെച്ച ഭരണാനുമതിയില്ലാത്ത പ്രവൃത്തികൾ വകുപ്പുതല AS Committee യിൽ (ബന്ധപ്പെട്ട സെക്രട്ടറി, വകുപ്പ് തലവൻ, ധനവകുപ്പ് പ്രതിനിധി, സെക്രട്ടേറിയറ്റ് പ്ലാനിംഗ് വകുപ്പ് പ്രതിനിധി ഉൾപ്പെട്ട കമ്മിറ്റി) സമർപ്പിച്ച് ഭരണാനുമതി ലഭ്യമാക്കാവുന്നതാണ്. AS Committee യിൽ സമർപ്പിക്കുവാൻ സാധിക്കാത്ത 20 ശതമാനം തുക നീക്കിവെച്ച പ്രവൃത്തികൾ ധനവകുപ്പിൽ സമർപ്പിച്ച് ഭരണാനുമതി ലഭ്യമാക്കാവുന്നതുമാണ്. ഇതു സംബന്ധിച്ച് സർക്കാർ ഉത്തരവ് ലഭ്യമല്ല.** |
| (ബി) | പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിക്കാനായി വിശദമായ എസ്റ്റിമേറ്റ് സഹിതം പ്രൊപ്പോസലുകൾ ധനവകുപ്പിൽ സമർപ്പിക്കേണ്ടത് ബന്ധപ്പെട്ട വകുപ്പുകളാണോയെന്ന് അറിയിക്കാമോ; വനം വകുപ്പിന് കീഴിൽ നടപ്പാക്കേണ്ട ഒരു പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കായി സമർപ്പിക്കേണ്ടത് ഏത് വകുപ്പിന്റെ ചുമതലയാണെന്ന് വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിക്കാനായി വിശദമായ എസ്റ്റിമേറ്റ് സഹിതം പ്രൊപ്പോസലുകൾ ധനവകുപ്പിൽ സമർപ്പിക്കേണ്ടത് ബന്ധപ്പെട്ട വകുപ്പുകൾ തന്നെയാണ്. വനം വകുപ്പിന് കീഴിൽ നടപ്പാക്കേണ്ട ഒരു പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കായി സമർപ്പിക്കേണ്ടത് വനം വകുപ്പിന്റെ ചുമതലയാണ്. |
| (സി) | ബജറ്റ് അനുബന്ധങ്ങളിൽ പ്രഖ്യാപിച്ച വനം വകുപ്പിൽ നടപ്പാക്കേണ്ട ഭരണാനുമതിയില്ലാത്ത പ്രവൃത്തികൾ നടപ്പാക്കുന്നതിനും സമയബന്ധിതമായി എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിനും ഭരണാനുമതി ലഭ്യമാക്കുന്നതിനും വനം വകുപ്പ് വിമുഖത കാണിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വനം വകുപ്പിന്റെ ആന്വൽ പ്ലാൻ ഓഫ് ഓപ്പറേഷനിൽ ഉൾപ്പെട്ടതല്ല എന്ന കാരണം കാണിച്ച് ഇത്തരം പ്രവൃത്തികൾ നടപ്പാക്കണമെന്നഭ്യർത്ഥിച്ച് നിയമസഭാ സാമാജികർ നൽകുന്ന കത്തുകൾ വനം വകുപ്പ് ഉദ്യോഗസ്ഥർ അവഗണിക്കുന്ന കാര്യം പരിശോധിക്കുമോ; | (സി) | **ഇല്ല.**<br><br>**വനം വകുപ്പിന്റെ ആന്വൽ പ്ലാൻ ഓഫ് ഓപ്പറേഷനിൽ ഉൾപ്പെട്ടതല്ല എന്ന കാരണം കാണിച്ച് ഇത്തരം പ്രവൃത്തികൾ നടപ്പാക്കണമെന്നഭ്യർത്ഥിച്ച് നിയമസഭാ സാമാജികർ നൽകുന്ന കത്തുകൾ വനം വകുപ്പ് ഉദ്യോഗസ്ഥർ അവഗണിക്കുന്ന കാര്യം രേഖാമൂലം പരാതി ലഭ്യമാക്കിയാൽ പരിശോധിക്കുകയും ആയതിനു ഉചിതമായ നടപടിയും സ്വീകരിക്കുന്നതാണ്.** |

| | | | |
|---|---|---|---|
| | ഇക്കാര്യത്തിൽ രേഖാമൂലം പരാതി ലഭിച്ചാൽ ഉചിതമായ നടപടി സ്വീകരിക്കുമോ; | | |
| (ഡി) | 2022-23 വർഷത്തെ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II, വാല്യംII (ഭരണാനുമതിയില്ലാത്ത മരാമത്തു പണികൾ)-ൽ പേജ് നമ്പർ 6, ക്രമ നമ്പർ 118 ആയി നിർദ്ദേശിച്ച നിലമ്പൂർ നിയോജക മണ്ഡലത്തിലെ പ്രവൃത്തി ഏതാണെന്നും മതിപ്പുതുക എത്രയെന്നും, പ്രസ്തുത പ്രവൃത്തിക്ക് ധനവകുപ്പ് 20 ശതമാനം തുക നീക്കിവെച്ചിട്ടുണ്ടോയെന്നും, പ്രസ്തുത പ്രവൃത്തി ഏത് വകുപ്പ് മുഖാന്തരമാണ് നടപ്പാക്കേണ്ടതെന്നും ഭരണാനുമതി ലഭ്യമാക്കാൻ ഏത് വകുപ്പ് മുഖാന്തരമാണ് പ്രൊപ്പോസൽ ധനവകുപ്പിൽ സമർപ്പിക്കേണ്ടതെന്നും അറിയിക്കാമോ; | (ഡി) | 2022-23 വർഷത്തെ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II, വാല്യംII (ഭരണാനുമതിയില്ലാത്ത മരാമത്തു പണികൾ)-ൽ പേജ് നമ്പർ 6, ക്രമ നമ്പർ 118 ആയി നിർദ്ദേശിച്ച നിലമ്പൂർ നിയോജക മണ്ഡലത്തിലെ പ്രവൃത്തി വനാതിർത്തികളിൽ വന്യമൃഗശല്യം തടയുന്നതിന് കരിങ്കല്ലുപയോഗിച്ചുള്ള ട്രഞ്ച് നിർമ്മാണവും റെയിൽ ഫെൻസിംഗ് സ്ഥാപിക്കുന്നതിനുമായിട്ടാണ്. പ്രസ്തുത പ്രവർത്തിയുടെ മതിപ്പുവില 10 കോടി രൂപയാണ്. ആയതിന് 20% തുകയായ 20 ലക്ഷം രൂപ ധനവകുപ്പ് നീക്കിവച്ചിട്ടുണ്ട്. പ്രസ്തുത പ്രവർത്തി വനം വകുപ്പ് മുഖാന്തരമാണ് നടപ്പാക്കേണ്ടത്. ആയതിനാൽ ഭരണാനുമതി ലഭ്യമാക്കുവാൻ വനം വകുപ്പാണ് പ്രൊപ്പോസൽ ധനകാര്യ വകുപ്പിൽ സമർപ്പിക്കേണ്ടത്. |
| (ഇ) | വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II, വാല്യം II (ഭരണാനുമതയില്ലാത്ത മരാമത്തുപണികൾ)-ൽ വരുന്ന ഭരണാനുമതിയില്ലാത്ത പ്രവൃത്തികളുടെ തുക ഏത് ശീർഷകത്തിൽ നിന്നാണ് ധനവകുപ്പ് അനുവദിക്കുന്നതെന്നും വനം വകുപ്പിന് പ്രത്യേകമായ ഉപശീർഷകമുണ്ടോയെന്നും അറിയിക്കാമോ; അതാത് സാമ്പത്തിക വർഷത്തിനുള്ളിൽ ഭരണാനുമതി ലഭ്യമാക്കിയില്ലെങ്കിൽ പ്രസ്തുത പ്രവൃത്തി ലാപ്സായി പോകുമോയെന്നും അറിയിക്കാമോ? | (ഇ) | **വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II വാല്യം II (ഭരണാനുമതി ഇല്ലാത്ത മരാമത്ത് പണികൾ) ൽ വരുന്നതും ഇരുപത് ശതമാനം തുക നീക്കിവച്ചിട്ടുള്ളതുമായ പ്രവർത്തികൾക്ക് അതാത് വകുപ്പുകളുടെ ബന്ധപ്പെട്ട ശീർഷകത്തിലാണ് ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കേണ്ടത്. ഇപ്രകാരം വനം വകുപ്പിന്റെ കീഴിൽ 20% വിഹിതം വകയിരുത്തിയിട്ടുള്ള പ്രവർത്തികൾക്ക് വകുപ്പിന് കീഴിലുള്ള അനുയോജ്യമായ ശീർഷകത്തിൽ നടപടിക്രമങ്ങൾ പാലിച്ചു കൊണ്ട് ധനവകുപ്പിന്റെ അനുമതിയോട് കൂടി ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്. ഇപ്രകാരം 20% വിഹിതം വകയിരുത്തിയിട്ടുള്ള പ്രവർത്തികൾക്ക് സാങ്കേതിക കാരണങ്ങളാൽ പ്രസ്തുത വർഷം ഭരണാനുമതി നൽകാൻ കഴിഞ്ഞില്ലായെങ്കിൽ പ്രത്യേകാനുമതിക്കായി ധന വകുപ്പിനെ സമീപിക്കേണ്ടതാണ്.** |

സെക്ഷൻ ഓഫീസർ